(ബി) വരും വർഷങ്ങൾക്ക് ബാധകമായതും എന്നാൽ ഈ സർക്കാർ പിരിച്ചതുമായ നികുതികളുടെ കണക്കുകൾ വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) വരും വർഷങ്ങൾക്ക് ബാധകമായ നികുതി തുക റവന്യൂ ചെലവുകൾക്കായി ഈ സർക്കാർ ഉപയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വർഷം തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**നികുതിയിനത്തിൽ പിരിച്ചെടുക്കാമെന്ന് പ്രതീക്ഷിച്ച സംഖ്യ**

46 (438) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നികുതിയിനത്തിൽ പിരിച്ചെടുക്കാമെന്ന് പ്രതീക്ഷിച്ച സംഖ്യ എത്ര വീതമാണ് ;

(ബി) ഓരോ വർഷവും യഥാർത്ഥത്തിൽ പിരിച്ചെടുത്ത സംഖ്യ എത്ര വീതമാണ് ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും നികുതിയിതര വരുമാനയിനത്തിൽ എന്തു തുക പിരിച്ചെടുക്കാമെന്ന് കരുതിയിരുന്നു ;

(ഡി) ഓരോ വർഷവും യഥാർത്ഥത്തിൽ പിരിച്ചെടുത്ത നികുതിയേതര വരുമാനമെത്രയാണ് ;

(ഇ) 2000-2001-ൽ എന്തു തുക വീതം നികുതിയിനത്തിലും നികുതിയേതര വരുമാനത്തിലും പിരിച്ചെടുക്കാമെന്ന് പ്രതീക്ഷിച്ചിരുന്നു ;

(എഫ്) 2000 ഡിസംബർ 31-വരെ ഈ ഇനങ്ങളിലോരോന്നിലും എന്തു തുക വീതം പിരിച്ചെടുക്കാൻ കഴിഞ്ഞു ;

(ജി) 2001-മാർച്ച് 31-ന് എന്തു തുക ഈ ഇനങ്ങളിലായി പിരിച്ചെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും നികുതിയിനത്തിൽ പിരിച്ചെടുക്കാമെന്ന് പ്രതീക്ഷിക്കുന്ന സംഖ്യ ഇപ്രകാരമാണ് (പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം).

| വർഷം | തുക (കോടിയിൽ) |
|---|---|
| 1995-1996 | 4,295.66 |
| 1996-1997 | 5,166.55 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| 1997-1998 | 6,221.63 |
| 1998-1999 | 6,787.22 |
| 1999-2000 | 7,339.43 |
| 2000-2001 | 8,569.86 |

(ബജറ്റ് എസ്റ്റിമേറ്റ്)

(ബി) പിരിച്ചെടുത്ത തുക

| വർഷം | തുക (കോടിയിൽ) |
|---|---|
| 1995-1996 | 3,819.12 |
| 1996-1997 | 4,422.82 |
| 1997-1998 | 5,024.98 |
| 1998-1999 | 5,211.36 |
| 1999-2000 | 5,834.68 |
| 2000-2001 | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭ്യമായിട്ടില്ല. |

(സി)

| വർഷം | തുക (കോടിയിൽ) |
|---|---|
| 1995-1996 | 478.16 |
| 1996-1997 | 551.77 |
| 1997-1998 | 583.15 |
| 1998-1999 | 624.81 |
| 1999-2000 | 659.95 |
| 2000-2001 | 830.81 |

(ബജറ്റ് എസ്റ്റിമേറ്റ്)

(ഡി)

| വർഷം | തുക(കോടിയിൽ) (പുതുക്കിയ എസ്റ്റിമേറ്റ്) |
|---|---|
| 1995-1996 | 535.49 |
| 1996-1997 | 513.80 |
| 1997-1998 | 552.11 |
| 1998-1999 | 557.66 |
| 1999-2000 | 530.72 |
| 2000-2001 | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭ്യമായിട്ടില്ല. |

(ഇ) 2000-2001-ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം നികുതിയിനത്തിൽ 8,589.86 കോടി രൂപയും നികുതിയേതര വരുമാനമായി 830.81 കോടി രൂപയുമാണ് പ്രതീക്ഷിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 2000-2001-ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭ്യമായിട്ടില്ല.

(ജി) 2000-2001 -ലെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**കാർഷികോൽപ്പന്നങ്ങളുടെ വിൽപന നികുതി**

**47 (440)** ശ്രീ. കെ. സി. വേണുഗോപാൽ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വിൽപ്പന നികുതിയും പർച്ചേസ് ടാക്സും എത്ര വീതമാണ് ;

(ബി) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ ഇവയുടെ വിൽപ്പന നികുതിയും പർച്ചേസ് ടാക്സും എത്ര വീതമായിരുന്നു ;

(സി) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ ഈ ഉൽപ്പന്നങ്ങളുടെ വില എത്ര വീതമായിരുന്നു ;

(ഡി) ഇപ്പോൾ ഇവയുടെ വില എത്ര വീതമാണ് ?

ഉത്തരം

(എ) സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന പ്രധാന കാർഷികോൽപ്പന്നങ്ങളുടെ വിൽപ്പന നികുതി താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| | നെല്ല് 1 ശതമാനം | 1-1-2000 മുതൽ സർചാർജ്ജ് ഇല്ല. |
| | റബ്ബർ 11 ശതമാനം | " |
| | കാപ്പി 4 ശതമാനം | " |
| | തേയില 4 ശതമാനം | " |
| | കശുവണ്ടി 4 ശതമാനം | " |
| | തേങ്ങ 4 ശതമാനം | " |
| | അടയ്ക്കാ 4 ശതമാനം | " |
| | കുരുമുളക് 4 ശതമാനം | " |
| | ഏലം 4 ശതമാനം | " |
| (ബി) | നെല്ല് 1.1 ശതമാനം | (സർചാർജ് ഉൾപ്പെടെ) |
| | റബ്ബർ 11 ശതമാനം | " |
| | കാപ്പി 8.8 ശതമാനം | " |
| | തേയില 7.7 ശതമാനം | " |
| | കശുവണ്ടി 7.7 ശതമാനം | " |
| | തേങ്ങ 4 ശതമാനം | " |
| | അടയ്ക്കാ 5.5 ശതമാനം | " |

LIBRARY ARCHIVES Kerala Legislative Assembly